രക്ഷയുടെ പാതയിൽ-6



6

# ഈശോയെ അനുഭവിച്ച ജനം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേ മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

പാഠം
1

# പ്രവചനങ്ങൾ പൂർത്തിയാകുന്നു



ദൈവകൃപനിറഞ്ഞവളേ, സ്വസ്തി. കർത്താവ് നിന്നോടുകൂടെ.



# പ്രവചനങ്ങൾ

- ആദിയിൽ ഉാകട്ടെ എന്ന ഒറ്റവാക്കാൽ ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവം പ്രപഞ്ചത്തിന്റെ മുഴുവൻ മകുടമായി മനുഷ്യനെ സൃഷ്ടിച്ചു.



ആദിമാതാപിതാക്കൾ ദൈവത്തിന്റെ കല്പന ധിക്കരിച്ചു പാപം ചെയ്തു. അനുസരണക്കേടിനു ദൈവം ശിക്ഷ നൽകി. അവർക്ക് ഒരു രക്ഷാവാഗ്ദാനവും നൽകിയിരുന്നു. ഉൽപ്പത്തി.3:15.

സർപ്പത്തിന്റെ തലയെ തകർക്കുന്ന ഒരു സ്ത്രീയെയും അവളുടെ പുത്രനെയുംകുറിച്ചുള്ള പ്രതീക്ഷ ഭൂവിൽ നിറഞ്ഞു.





- ദൈവം മോശയ്ക്കു നൽകിയ വാഗ്ദാനവും "യാക്കോബിൽ നിന്നൊരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽ നിന്നൊരു ചെങ്കോലുയരും" സംഖ്യ 24:17 എന്ന ബാലാമിന്റെ പ്രവചനവും.
- കന്യക ഗർഭം ധരിച്ച് ഒരുപുത്രനെ പ്രസവിക്കും അവൻ ഇമ്മാനുവേൽ എന്നുവിളിക്കപ്പെടും. (ഏശയ്യ;7:14) എന്ന പ്രവചനവും രക്ഷകന്റെ വരവിനെക്കുറിച്ചുള്ളതായിരുന്നു.




## തിരുപ്പിറവി

- അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവകൃപലഭിച്ചവർക്കു സമാധാനം. ലൂക്കാ 2:14 വിശുദ്ധ കുർബ്ബാനയുടെ ആരംഭത്തിൽ നമ്മൾ ഈ സ്തുതിഗീതം ആലപിച്ച് ഈശോയുടെ ജനനം അനുസ്മരിക്കുന്നു.



## ജ്ഞാനികളുടെ സന്ദർശനം

- കിഴക്കൊരു നക്ഷത്രമുദിച്ചു. പൗരസ്ത്യദേശത്തു നിന്നും ജ്ഞാനികൾ ഈ നക്ഷത്രം കണ്ട് ഈശോയെ വണങ്ങാൻ യാത്ര പുറപ്പെട്ടു.
- "യൂദയായിലെ ബേത്‌ലഹേമിൽ' -ഈശോ ജനിച്ചു.
- കിഴക്കു ക നക്ഷത്രം അവർക്കു മുൻമ്പെ നീങ്ങി.
- പൊന്നും കുന്തുരുക്കവും മീറയും-കാഴ്ചവച്ചു.

## ക്രിസ്തുവർഷം

- ഈശോയുടെ ജനനം വഴി ലോകചരിത്രം 2-ായി വിഭജിക്കപ്പെട്ടു. ഈശോയ്ക്കു മുമ്പുള്ള കാലം ബി.സി. (Before Christ) എന്നും. ഈശോയ്ക്കു ശേഷമുള്ള കാലം എ.ഡി. (Anno Domini) എന്നും. എ.ഡി. എന്നാൽ കർത്താവിന്റെ വർഷം എന്നാണ് അർത്ഥം



## മംഗളവാർത്ത പിറവിക്കാലങ്ങൾ

- ആദ്യത്തെ കാലം മംഗളവാർത്തക്കാലമാണ്. ക്രിസ്തുമസ്സിനൊരുക്കമായുള്ള നാല് ആഴ്ചകളാണ് മംഗളവാർത്തക്കാലം. സുറിയാനിഭാഷയിൽ "സൂബാറ" എന്ന് കാലം അറിയപ്പെടുന്നു. പ്രഖ്യാപനം. അറിയിപ്പ് എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. തുടർന്നുവരുന്ന 2 ആഴ്ചകൾ ചേർന്നതാണ് പിറവിക്കാലം.



## ക്രിസ്തുമസ്

- ഈശോയുടെ തിരുപ്പിറവിയാണ് മംഗളവാർത്ത-പിറവിക്കാലങ്ങളുടെ കേന്ദ്രസംഭവം. ഡിസംബർ ഇരുപത്തിയഞ്ചാം തീയതിയാണ് പിറവിത്തിരുന്നാൾ (ക്രിസ്തുമസ്) ആഘോഷിക്കുന്നത്. രക്ഷകനെ, നൽകിയ ദൈവത്തോടുള്ള നന്ദിയും, കന്യകാമറിയത്തോടുള്ള ആദരവും, രക്ഷകന്റെ ജനനത്തിലുള്ള ആനന്ദവും ഈ കാലങ്ങളിൽ നമ്മിൽ നിറഞ്ഞു നിൽക്കണം.

+ ജ്ഞാനികൾ പൊന്നും മീറയും കുന്തുരുക്കവും കാഴ്ചവെച്ച് അവിടുത്ത് രാജത്വവും പൗരോഹിത്യവും പ്രവാചകത്വവും അംഗീകരിച്ചു.



# നമുക്കു പ്രാർത്ഥിക്കാം

**പൂർവപിതാക്കൾ പ്രത്യാശയോടെ കാത്തിരുന്ന മിശിഹായേ**

**അങ്ങേ കൃപാവരത്താൽ ഞങ്ങളെ ധന്യരാക്കണമേ**

**മനുഷ്യാവതാരത്തിന്റെ ഫലങ്ങൾ ഞങ്ങളിൽ**

**പ്രകാശിതമാകുവാൻ ഇടയാക്കുകയും ചെയ്യണമേ.**



## നമുക്കു പാടാം

പൂർവപിതാക്കൾക്കഖിലേശൻ
നൽകീസദയം വാഗ്ദാനം
നൽകും നൂനം രക്ഷകനെ
നിങ്ങൾക്കായ് ഞാനീമന്നിൽ
വാഗ്ദാനത്തിൻ പൂർത്തിക്കായ്
ദാവീദിൻപ്രിയ വംശജയാം
മറിയം നേടിയ സന്ദേശം
മാനവരക്ഷയ്ക്കച്ചാരം

# ദൈവവചനം വായിക്കാം

# വിവരിക്കാം

(മത്താ.1:18-2:23)



# വഴികാട്ടാൻ ഒരു തിരുവചനം

**ഇതാ, കർത്താവിന്റെ ദാസി നിന്റെ വാക്ക്**

**എന്നിൽ നിറവേറട്ടെ**

(ലൂക്കാ. 1:38).

# എന്റെ തീരുമാനം

**എന്റെ ഹൃദയത്തിൽ വസിക്കുന്ന ഈശോയുടെ സാന്നിദ്ധ്യം ഞാൻ ദിവസും അനുസ്മരിക്കും.**

Thank you